# കേരള സർക്കാർ

## സംസ്ഥാന ഓഡിറ്റ് വകുപ്പ്
www.lfa.kerala.gov.in

# മഞ്ഞപ്ര ഗ്രാമപഞ്ചായത്ത്
# ഓഡിറ്റ് റിപ്പോർട്ട്
# 2017-18

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് ഓഫീസ്
എറണാകുളം
e-mail:doekm.ksad@kerala.gov.in

(രജിസ്റ്റർ ചെയ്തു കൈപ്പറ്റ ചീട്ടു സഹിതം)

നം.കെഎസ്എ-ഇകെഎം (പി 4)151/2019 കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്,

ജില്ലാ ഓഡിറ്റ് കാര്യാലയം,എറണാകുളം
സിവിൽ സ്റ്റേഷൻ, കാക്കനാട്-68203
ഫോൺ : 0484 2422271
ഇ മെയിൽ : doekm.ksad@kerala.gov.in
തീയതി : 19.03.2019

ഡെപ്യൂട്ടി ഡയറക്ടർ

പ്രസിഡന്റ്
(സെക്രട്ടറി മുഖേന)
മഞ്ഞപ്ര ഗ്രാമപഞ്ചായത്ത്

സർ,

വിഷയം :- മഞ്ഞപ്ര ഗ്രാമപഞ്ചായത്ത് - 2017-18 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് - സംബന്ധിച്ച്.

**************************************

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13, 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, 1994 ലെ കേരളാ പഞ്ചായത്ത് രാജ് നിയമം 215(4) എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം മഞ്ഞപ്ര ഗ്രാമപഞ്ചായത്തിന്റെ 2017-18 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയുടെ പരിശോധനാ ഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1) ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയയ്ക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 2 ലെ ഖണ്ഡികകളിലേയ്ക്കും ഭാഗം 3 ലെ ഖണ്ഡികകളിലേയ്ക്കും പ്രത്യേക ശ്രദ്ധ ക്ഷണിക്കുന്നു.

ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസക്ത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ്.

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പഞ്ചായത്തിന്റെ പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും, ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ പഞ്ചായത്ത് എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15).

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/ തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1) ചട്ടം 20,23, 1997 കേരളാ പഞ്ചായത്ത് രാജ് പരിശോധനാ രീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)എന്നിവ കാണുക)

വിശ്വസ്തതയോടെ,

ഡെപ്യൂട്ടി ഡയറക്ടർ

പകർപ്പ് :-

1)ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം (ഉപരിപത്രം സഹിതം)
2)പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, എറണാകുളം.
3)കാര്യാലയ പകർപ്പ്.

നം.കെഎസ്എ-ഇകെഎം (പി 4)151/2019 തീയതി : 19.03.2019

# എറണാകുളംജില്ലയിലെ മഞ്ഞപ്ര ഗ്രാമപഞ്ചായത്തിന്റെ 2017-18സാമ്പത്തിക വർഷത്തെ ധനകാര്യപത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്

*(1994 ലെ കേരളാ പഞ്ചായത്ത് രാജ് നിയമം- വകുപ്പ് 215(4), 1994 ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം - വകുപ്പ് 13, 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18 എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)*

എറണാകുളം ജില്ലയിലെ മഞ്ഞപ്ര ഗ്രാമപഞ്ചായത്തിന്റെ 2017-18 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. പഞ്ചായത്ത് 01.04.2017 മുതൽ 31.03.2018 വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്, അവയുടെ ഒടുക്ക്, വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചിട്ടുണ്ട്. ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ പഞ്ചായത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട്. ഇതിൽ 9 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 4 എണ്ണത്തിന് മറുപടി ലഭിച്ചിട്ടുണ്ട്. ഓഡിറ്റ് പരാമർശങ്ങൾക്കുള്ള മറുപടി എക്സിറ്റ് മീറ്റിംഗിൽ ചർച്ച ചെയ്തതിനു ശേഷമാണ് പ്രധാനപ്പെട്ട നിരീക്ഷണങ്ങൾ ഓഡിറ്റ് റിപ്പോർട്ടിൽ ചേർത്തിരിക്കുന്നത്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിന്മേലുള്ള തുടർ നടപടികൾ പഞ്ചായത്ത് സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്നു ലഭ്യമായ രജിസ്റ്ററുകളുടേയും രേഖകളുടേയും വിവരങ്ങളുടേയും വിശദീകരണത്തിന്റേയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. സ്ഥാപനം നൽകിയ തെറ്റായ വിവരത്തിന്റെയോ ലഭ്യമാക്കാത്ത വിവരത്തിന്റെയോ കാര്യത്തിൽ സംസ്ഥാന ഓഡിറ്റ് വകുപ്പിന് ഉത്തരവാദിത്തമില്ല.

(എ)ഓഡിറ്റ് നടത്തിയതിന്റെ വിവരം

| | |
|---|---|
| ഓഡിറ്റിന്ചുമതലപ്പെട്ട ഉദ്യോഗസ്ഥന് | ജയ.സി.ആർ, ഡെപ്യൂട്ടി ഡയറക്ടർ |
| ഓഡിറ്റ് നടത്തിയ തീയതി | 04.01.2019 മുതൽ 18.01.2019 വരെ |
| ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ | |
| പേര് | ഉദ്യോഗപ്പേര് |
| ശ്രീ.പോളി ടി.ഒ | ഓഡിറ്റ് ഓഫീസർ |
| ശ്രീ. സന്തോഷ് കുമാർ. എം | ഓഡിറ്റർ (ഹ.ഗ്രേഡ്) |

| | |
|---|---|
| ശ്രീ. പ്രവീൺ വി.എൻ | ഓഡിറ്റർ |

(ബി) നിർവ്വഹണാധികാരികൾ

| | പേര് | കാലയളവ് | |
|---|---|---|---|
| | | മുതൽ | വരെ |
| പ്രസിഡന്റ് | ശ്രീ. ചെറിയാൻ തോമസ് | 01.04.2017 | 31.03.2018 |
| സെക്രട്ടറി | ശ്രീ. രാധാകൃഷ്ണൻ ടി.പി | 01.04.2017 | 31.03.2018 |

നിർവ്വഹണ ഉദ്യോഗസ്ഥർ

| ഉദ്യോഗപ്പേര് | പേര് | കാലയളവ് | |
|---|---|---|---|
| | | മുതൽ | വരെ |
| അസിസ്റ്റന്റ് സെക്രട്ടറി | ശ്രീ. ലസിത കെ.എസ് | 01.04.2017 | 31.03.2018 |
| അസിസ്റ്റന്റ് എഞ്ചിനീയർ | ശ്രീമതി. അനപ്രിയ ആർ | 01.04.2017 | 31.03.2018 |
| വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ, മഞ്ഞപ്ര | ശ്രീമതി. സുധ എം.എ | 01.04.2017 | 01.07.2017 FN |
| | ശ്രീമതി. ഷീന വർഗ്ഗീസ് | 01.07.2017 AN | 31.03.2018 |
| വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ, തവളപ്പാറ | ശ്രീമതി. സ്മിത കെ. ശശീന്ദ്രൻ | 01.04.2017 | 31.03.2018 |
| മെഡിക്കൽ ഓഫീസർ, പി.എച്ച്.സി | ഡോ. സാലിമ അബ്ദുൾ സലാം കെ.എ | 01.04.2017 | 31.03.2018 |
| കൃഷി ഓഫീസർ | ശ്രീമതി. അമീന ബീഗം എ | 01.04.2017 | 31.03.2018 |
| ഐ.സി.ഡി.എസ് സൂപ്പർവൈസർ | ശ്രീമതി. ശാന്തിനി എൻ.പി | 01.04.2017 | 31.03.2018 |
| വെറ്ററിനറി സർജൻ | ഡോ. ശൈലേഷ് കുമാർ എസ് | 01.04.2017 | 31.03.2018 |
| മെഡിക്കൽ ഓഫീസർ, ഹോമിയോ | ഡോ. ചിത്ര വേലായുധൻ | 01.04.2017 | 31.03.2018 |
| മെഡിക്കൽ ഓഫീസർ, ആയുർവ്വേദം | ഡോ. മഞ്ജു ജോൺ | 01.04.2017 | 31.03.2018 |
| ഹെഡ് മാസ്റ്റർ, ജെ.ബി.എസ് സ്കൂൾ | ശ്രീമതി. ലിസി പോൾ | 01.04.2017 | 01.07.2017 FN |
| | ശ്രീമതി. സിജി എം.ആർ (ഇൻചാർജ്ജ്) | 01.07.2017 AN | 12.07.2017 FN |
| | ശ്രീ. ജെയിംസ്.പി | 12.07.2017 AN | 31.03.2018 |
| ഡയറി ഫാം ഇൻസ്ട്രക്ടർ | ശ്രീമതി. രശ്മി | 01.04.2017 | 13.11.2017 |
| | (ഒഴിവ്) | 14.11.2017 | 03.12.2017 |

| | | | |
|---|---|---|---|
| | ശ്രീ. ഗോപകുമാർ എം.ആർ | 04.12.2017 | 31.03.2018 |

ഉള്ളടക്കം


| ക്രമ നം. | ഭാഗം 1<br>പൊതു അവലോകനം | ഖണ്ഡിക നമ്പർ |
|---|---|---|
| 1 | ബജറ്റ് | 1-1 |
| 2 | വാർഷിക ധനകാര്യപത്രിക | 1-2 |
| 3 | വാർഷിക ധനകാര്യപത്രിക പരിശോധിച്ച് സർട്ടിഫിക്കറ്റ് നല്കിയതിന്റെ വിവരം | 1-3 |
| 4 | സാമ്പത്തിക വിശകലനം | 1-4 |
| 5 | ഫണ്ട് വിനിയോഗം | 1-5 |
| 6 | പദ്ധതി അവലോകനം. | 1-6 |
| 7 | തൊഴിലുറപ്പ് പദ്ധതി | 1-7 |
| 8 | ക്ഷേമപദ്ധതികൾ | 1-8 |
| 9 | ക്യാഷ് വെരിഫിക്കേഷൻ | 1-9 |
| 10 | ആഭ്യന്തരനിയന്ത്രണം. | 1-10 |
| 11 | മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം | 1-11 |
| 12 | ധനകാര്യ പത്രികയിലെ അപാകതകൾ | 1-12 |
| | ഭാഗം 2 | |
| 1 | ഡി & ഒ ലൈസൻസ് ഫീസ് ഈടാക്കിയില്ല | 2-1 |
| 2 | തൊഴിൽ നികുതി ഈടാക്കിയില്ല | 2-2 |
| 3 | വാണിജ്യാവശ്യത്തിനുള്ള കെട്ടിടം വിഭജിച്ച് വസ്തുനികുതി നിർണ്ണയിച്ചതു മൂലം നഷ്ടം | 2-3 |
| | ഭാഗം- 3 | |
| 1 | ജെ.ബി.എസ് സ്കൂൾ അറ്റകുറ്റ പണി അപാകതകൾ | 3-1 |
| 2 | ബിറ്റുമിൻ ഇഷ്യൂ ചെയ്തത് - എസ്റ്റിമേറ്റ് തുക ഈടാക്കിയിട്ടില്ല. | 3-2 |
| 3 | മരാമത്ത് പ്രവൃത്തി അപാകതകൾ | 3-3 |
| 4 | സെക്രട്ടറി നടപ്പിലാക്കിയ പദ്ധതികളിലെ അപാകതകൾ | 3-4 |
| 5 | പഠനമുറിക്ക് സഹായം- സർക്കാർ നിർദ്ദേശങ്ങൾ പാലിച്ചില്ല | 3-5 |
| 6 | വി. ഇ. ഒ നടപ്പിലാക്കിയ പദ്ധതിയിലെ അപാകത | 3-6 |
| 7 | മെഡിക്കൽ ഓഫീസർ (പി എച്ച് സി) നിർവ്വഹണം നടത്തിയ പദ്ധതികളിലെ അപാകതകൾ | 3-7 |

| | | |
|---|---|---|
| 8 | കുടുംബശ്രീ യൂണിററുകൾക്ക് റിവോൾവിങ്ങ് ഫണ്ട് -അപാകതകൾ | 3-8 |
| | ഭാഗം 4<br>പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും | |
| 1 | സംയുക്ത പ്രൊജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം | 4-1 |
| 2 | ഡെപ്പോസിറ്റ് വർക്കിന് നൽകിയ തുകയുടെ വിവരങ്ങൾ | 4-2 |
| 3 | മൊബിലൈസേഷൻ അഡ്വാൻസ് നൽകിയത് | 4-3 |
| 4 | വായ്പ/ വായ്പ തിരിച്ചടവ് | 4-4 |
| 5 | സ്ഥിരനിക്ഷേപങ്ങൾ | 4-5 |
| 6 | ഓഡിറ്റ് റിക്കവറി | 4-6 |
| 7 | സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശം. | 4-7 |
| 8 | ചാർജ്ജ്/സർചാർജ്ജ് നടപടികളുടെ വിവരം | 4-8 |
| 9 | ഓഡിറ്റ് പ്രത്യവലോകനം | 4-9 |
| 10 | തീർപ്പാക്കാൻ അവശേഷിക്കുന്ന റിപ്പോർട്ടുകൾ | 4-10 |
| 11 | ഓഡിറ്റ് സർട്ടിഫിക്കറ്റ് | അനുബന്ധം.1 |
| | ബാലൻസ് ഷീറ്റ് | അനുബന്ധം.2 |
| | ഇൻകം & എക്സ്പെൻഡിച്ചർ സ്റ്റേറ്റ്മെന്റ് | |
| | റസീപ്റ്റ് & പേയ്മെന്റ് സ്റ്റേറ്റ്മെന്റ് | |



# ഭാഗം 1

## പൊതു അവലോകനം

## 1-1 ബജറ്റ്

2017-18 വർഷത്തെ ബജറ്റ് 27.03.2017 തീയതിയിലെ തീരുമാനം 1 പ്രകാരം അംഗീകരിച്ചു. പുതുക്കിയ ബജറ്റ് 8.3.18 തീയതിയിലെ തീരുമാനം 1 പ്രകാരം അംഗീകരിച്ചു.

## 1-2 വാർഷിക ധനകാര്യപത്രിക

| ലഭിക്കേണ്ട തീയതി | ലഭിച്ച തീയതി |
|---|---|
| 31.07.2018 | 26.04.2018 |

## 1-3 വാർഷിക ധനകാര്യപത്രിക പരിശോധിച്ച് സർട്ടിഫിക്കറ്റ്

## നല്കിയതിന്റെ വിവരം.

| വർഷം | സർട്ടിഫിക്കേഷന് കണക്കുകൾ പരിശോധിച്ച തീയതി | സർട്ടിഫിക്കറ്റ് നമ്പർ, തീയതി/ |
|---|---|---|
| 31.07.2017 | 12.06.2018, 13.06.2018 | കെ.എസ്.എ -ഇ.കെ.എം-(പിജി)1786 (46) /18, 30.08.18 |

(ഓഡിറ്റ് ചെയ്ത വാർഷിക ധനകാര്യപത്രികയിലെ ഇൻകം ആന്റ് എക്സ്പെൻഡിച്ചർ അക്കൗണ്ട്,റസീറ്റ് ആന്റ് പേയ്മെന്റ് അക്കൗണ്ട്,ബാലൻസ് ഷീറ്റ്,ഓഡിറ്റ് സർട്ടിഫിക്കറ്റ് എന്നിവ അനുബന്ധമായി ചേർത്തിട്ടുണ്ട്)

# 1-4 സാമ്പത്തിക വിശകലനം (റസീപ്റ്റ് ആന്റ് പേയ്മെന്റ് പ്രകാരം)

| | |
|---|---|
| മുന്നിരിപ്പ് | 6040166 |
| വരവ് | 74248491 |
| ആകെ | 80288657 |
| ചെലവ് | 73803165 |
| നീക്കിയിരിപ്പ് | 6485492 |

# 1-5 ഫണ്ട് വിനിയോഗം (അപ്രോപ്രിയേഷൻ കൺട്രോൾ രജിസ്റ്റർ പ്രകാരം)

| ഫണ്ടിനം | മുൻ ബാക്കി | വരവ് (എ.സി.ആർ പ്രകാരം) | ആകെ | ചെലവ് | ലാപ്സായ തുക | നീക്കി യിരിപ്പ് |
|---|---|---|---|---|---|---|
| വികസനഫണ്ട് – ജനറൽ | 0 | 7488000 | 7488000 | 6475315 | 1012685 | 0 |
| വികസനഫണ്ട്-എസ്.സി.പി. | 0 | 2308074 | 2308074 | 2294640 | 13434 | 0 |
| വികസനഫണ്ട് – ടി.എസ്.പി. | 0 | 10996 | 10996 | 0 | 10996 | 0 |
| സംരക്ഷണഗ്രാന്റ് - റോഡ് | 0 | 38148168 | 38148168 | 34877740 | 3270428 | 0 |
| സംരക്ഷണഗ്രാന്റ് - നോൺറോഡ് | 0 | 2902553 | 2902553 | 2396625 | 505928 | 0 |
| 13-ാം ധനകാര്യ കമ്മീഷൻ ഗ്രാന്റ് | 0 | 3833813 | 3833813 | 3259935 | 573878 | 0 |
| ലോകബാങ്ക് ധനസഹായം (കേന്ദ്ര വിഹിതം) | 0 | 1592577 | 1592577 | 1127874 | 464703 | 0 |
| ലോകബാങ്ക് ധനസഹായം (സംസ്ഥാന വിഹിതം) | 0 | 354766 | 354766 | 354766 | 0 | |

| | | | | | | | |
|---|---|---|---|---|---|---|---|
| എം.ജി.എൻ. ആർ.ഇ.ജി. എസ് | കൂലി ചെലവ് | 0 | 10586426 | 10586426 | 10586426 | 0 | 0 |
| | അഡ്മിനിസ്ട്രേഷൻ ചെലവ് | 17390 | 939648 | 957038 | 950090 | - | 6948 |
| കേന്ദ്രാവിഷ്കൃത ഫണ്ടുകൾ- അങ്കണവാടി പൂരക പോഷകാഹാരം | | 659863 | 489606 | 1149469 | 455555 | | 693914 |
| സാക്ഷരത | | 1000 | - | 1000 | - | -- | 1000 |
| ജോയിന്റ് വെഞ്ചർ | ബ്ലോക്ക് പഞ്ചായത്ത് | 539000 | 1533856 | 2072856 | 1097488 (779000 +318488 govt. redemption) | 0 | 975368 |
| | ജില്ലാ പഞ്ചായത്ത് | 0 | 4700000 | 4700000 | 200000 + 4500000 govt. redumption) | 0 | 0 |
| ബി ഫണ്ട് | | 0 | 35971880 | 35971880 | 35971880 | 0 | 0 |
| ജനറൽ പർപസ് ഗ്രാന്റ് | | 1220681 | 5665000 | 6885681 | 5113526 | 1772155 | 0 |
| ഇ പേയ്മെന്റ് | | - | 29973 | 29973 | 649 | - | 29324 |
| തനത് ഫണ്ട് | ബാങ്ക് അക്കൗണ്ട് | 2926884 | 9822839 | 12749723 | 8109344 | 0 | 4640379 |
| | ട്രഷറി അക്കൗണ്ട് | 1782212 | 6107800 | 7890012 | 7866543 | 0 | 23469 |

.

# 1-6 പദ്ധതി അവലോകനം.

ഓഡിറ്റ് വർഷം അംഗീകാരം ലഭിച്ച പ്രോജക്ടുകൾ നടപ്പാക്കിയതിന്റെ വിവരം താഴെ ചേർക്കുന്നു.

| അംഗീകാരം ലഭിച്ചത് (എണ്ണം) | പദ്ധതി അടങ്കൽ | നടപ്പാക്കിയത് (എണ്ണം) | പദ്ധതി ചെലവ് | ഭാഗികമായി നടപ്പാക്കിയത് (എണ്ണം) | നടപ്പാക്കാത്തവ (എണ്ണം) | പൂർത്തീകരിച്ച പ്രോജക്ടുകളുടെ ശതമാനം |
|---|---|---|---|---|---|---|
| 180 | 70853911 | 147 | 54405235 | 6 | 27 | 82% |

# 1-7 തൊഴിലുറപ്പ് പദ്ധതി

| ഇനം | മുന്നിരിപ്പ് | തൻവർഷ വരവ് | ആകെ വരവ് | ചെലവ് | നീക്കിയിരിപ്പ് |
|---|---|---|---|---|---|
| ഭരണച്ചെലവുകൾ | 17390.79 | 939648 | 957038.79 | 950090.64 | 6948.15 |
| ഗുണഭോക്താക്കൾക്ക് നേരിട്ട് നല്കുന്നത് | 0 | 10586426 | 10586426 | 10586426 | 0 |

| | | | | | |
|---|---|---|---|---|---|
| ആകെ | 17390.79 | 11526074 | 11543464.79 | 11536516.64 | 6948.15 |

# 1-8 ക്ഷേമപദ്ധതികൾ

തൻവർഷം ഗ്രാമപഞ്ചായത്ത് നടപ്പാക്കിയ വിവിധ ക്ഷേമ പദ്ധതികളുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ക്ഷേമപദ്ധതിയുടെ പേര് | ചെലവഴിച്ച തുക | ഗുണഭോക്താക്കളുടെ എണ്ണം |
|---|---|---|
| തൊഴിൽരഹിത വേതനം | 1680 | 02 |
| കർഷകതൊഴിലാളി പെൻഷൻ | 1496700 | 128 |
| വിധവാപെൻഷൻ | 8757800 | 770 |
| വാർദ്ധക്യകാലപെൻഷൻ | 21919700 | 1856 |
| വികലാംഗപെൻഷൻ | 2928500 | 251 |
| അവിവാഹിതരായ 50വയസ്സിന് മുകളിൽ പ്രായമായ വനിതകൾക്കുള്ള ധനസഹായം | 657500 | 55 |
| വിധവകളുടെ പെൺമക്കളുടെ വിവാഹ ധനസഹായം | 210000 | 7 |

# 1-9 ക്യാഷ് വെരിഫിക്കേഷൻ

1994-ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ടിലെ 6(4)-ാം വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 16.01.2019ന് സെക്രട്ടറിയുടെ സാന്നിധ്യത്തിൽ നടത്തുകയുണ്ടായി. പരിശോധനയിൽ 3459/-രൂപ ക്യാഷ് ബാലൻസിന്റെ കൃത്യത ബോധ്യപ്പെട്ടു.

# 1-10 ആഭ്യന്തരനിയന്ത്രണം.

1. ചെലവ് വൗച്ചറുകളിൽ 11.04.2017 മുതൽ 30.06.2017 വരെയുള്ള കാലയളവിൽ സാംഖ്യ പേയ്മെന്റ് വൗച്ചറുകളുടെ പ്രിന്റ് എടുത്ത് സൂക്ഷിക്കുന്നില്ല.

# 1-11 മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം

| ഓഡിറ്റ് | അവസാനം ഓഡിറ്റ് നടത്തിയ തീയതി | ഓഡിറ്റ് കാലയളവ് | റിപ്പോർട്ട് ലഭിച്ച തീയതി |
|---|---|---|---|

| | | | |
|---|---|---|---|
| പെർഫോമൻസ് ഓഡിറ്റ് | 21.12.2018 | 11/2018 | ലഭിച്ചിട്ടില്ല |
| അക്കൗണ്ടന്റ് ജനറലിന്റെ ഓഡിറ്റ് | 10-1-2014മുതൽ 21-1-2014വരെ | 2008-09 മുതൽ 2012-13 വരെ | 29.02.2014 |

## 1-12 വാർഷിക ധനകാര്യ പത്രികയിലെ അപാകതകൾ

വാർഷിക ധനകാര്യ പത്രികയിലെ അപാകതകൾ അനുബന്ധം ഒന്ന് ആയി ഉൾപ്പെടുത്തിയിട്ടുണ്ട്.

# ഭാഗം-2

## വരവ് കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

## 2-1 ഡി & ഒ ലൈസൻസ് ഫീസ് കൃത്യമായി ഈടാക്കിയില്ല

(1) 1996-ലെ കേരള പഞ്ചായത്ത് രാജ് (ആപൽക്കരവും അസഹ്യവുംമായ വ്യാപാരങ്ങൾക്കും ഫാക്ടറികൾക്കും ലൈസൻസ് നൽകൽ) ചട്ടങ്ങൾ പ്രകാരം 2017-18 ൽ ലൈസൻസ് നൽകിയിരിക്കുന്ന താഴെപ്പറയുന്ന സ്ഥാപനങ്ങൾ സമർപ്പിച്ചിരിക്കുന്ന അപേക്ഷയിൽ ഒരു ദിവസത്തെ വിറ്റ് വരവ് രേഖപ്പെടുത്തിയിരിക്കുന്നത് പ്രകാരമുള്ള ലൈസൻസ് ഫീസ് പ്രസ്തുത സ്ഥാപനങ്ങളിൽ നിന്നും ഈടാക്കിയിട്ടില്ല.

| ക്രമ നം. | ലൈസൻസ് നം. | പേര്/സ്ഥാപനം | ഒരു ദിവസത്തെ വിറ്റ് വരവ് | ഈടാക്കേണ്ട തുക ₹ | ഈടാക്കിയ തുക ₹ | കുറവ് ₹ |
|---|---|---|---|---|---|---|
| 1 | 33/17-18 | ശ്രീ. റെന്നി പാപ്പച്ചൻ, മാനേജിംഗ് ഡയറക്ടർ, സൂര്യ ഫൈനാൻസ്, ചന്ദ്രപ്പുര | 25,000/- | 500 | 300 | 200 |
| 2 | 52/17-18 | ശ്രീ. രാജീവ് കെ. ബലോട്ടിയ, സ്റ്റൈ കാർബൺ ഇന്ത്യ പ്രൈവറ്റ് ലി. | 1,00,000/- | 2000 | 1000 | 1000 |
| ആകെ | | | | | | 1200 |

(2) സഞ്ചയ സോഫ്റ്റ് വെയർ പ്രകാരം ഉപയോഗക്രമം "ഇതര വ്യവസായ ആവശ്യങ്ങൾക്കുള്ളവയിൽ" ഉൾപ്പെടുന്ന താഴെപ്പറയുന്ന കെട്ടിട നമ്പറിലുള്ള സ്ഥാപനങ്ങളിൽ നിന്നും ഡി & ഒ ലൈസൻസ് ഫീസ് ഈടാക്കിയിട്ടില്ല.

| ക്രമ നം. | കെട്ടിട നം. | പേര്/സ്ഥാപനം |
|---|---|---|

| | | |
|---|---|---|
| 1 | 6/235,236 | ശ്രീ. മൈക്കിൾ, മാനേജിംഗ് ഡയറക്ടർ, മൈക്കിൾ & മൈക്കിൾ പൈപ്പ്സ് പ്രൈവറ്റ് ലിമിറ്റഡ്, മഞ്ചപ്ര |
| 2 | 13/372,373,374 | ശ്രീ. സഞ്ജു ജോൺ, കെ & കെ അഗ്രോ ടെക്, മഞ്ചപ്ര |

ലൈസൻസ് ഫീസ് ഈടാക്കാത്തത് സംബന്ധിച്ച് വിശദീകരണം ലഭ്യമാക്കുന്നതിനായി 16.01.2019 ൽ നൽകിയ ഓഡിറ്റ് എൻക്വയറി നം. 5 ന് മറുപടി ലഭ്യമാക്കിയിട്ടില്ല. പ്രസ്തുത സ്ഥാപനങ്ങളിലെ ഡി & ഒ ലൈസൻസ് ഫീസ് ഈടാക്കി വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

## 2-2 തൊഴിൽ നികുതി ഈടാക്കിയില്ല

(1) 1996-ലെ കേരള പഞ്ചായത്ത് രാജ് (തൊഴിൽ നികുതി) ചട്ടങ്ങൾ പ്രകാരം താഴെപ്പറയുന്ന സ്ഥാപനങ്ങളിലെ ജീവനക്കാരുടെ തൊഴിൽ നികുതി, സ്ഥാപനങ്ങളുടെ തൊഴിൽ നികുതി എന്നിവ ഈടാക്കിയതായി കാണുന്നില്ല. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നം. | സ്ഥാപനം | ഈടാക്കാത്തത് | അർദ്ധ വർഷം |
|---|---|---|---|
| 1 | മഞ്ചപ്ര സർവ്വീസ് കോ ഓപ്പറേറ്റീവ് ബാങ്ക് ലിമിറ്റഡ്, ചന്ദ്രപ്പുര ബ്രാഞ്ച് | സ്ഥാപന തൊഴിൽ നികുതി | 1, 2 |
| 2 | കേരള സ്റ്റേറ്റ് ബാംബു കോർപ്പറേഷൻ ലിമിറ്റഡ്, മഞ്ചപ്ര | ജീവനക്കാരുടെ തൊഴിൽ നികുതി | 1, 2 |
| 3 | ശ്രീ. മൈക്കിൾ, മാനേജിംഗ് ഡയറക്ടർ, മൈക്കിൾ & മൈക്കിൾ പൈപ്പ്സ് പ്രൈവറ്റ് ലിമിറ്റഡ്, മഞ്ചപ്ര | ജീവനക്കാരുടെ തൊഴിൽ നികുതി, സ്ഥാപന തൊഴിൽ നികുതി | 1, 2 |
| 4 | ശ്രീ. സഞ്ജു ജോൺ, കെ & കെ അഗ്രോ ടെക്, മഞ്ചപ്ര | ജീവനക്കാരുടെ തൊഴിൽ നികുതി, സ്ഥാപന തൊഴിൽ നികുതി | 1, 2 |

(2) 2017-18 ൽ ഡി & ഒ ലൈസൻസ് എടുത്തിരിക്കുന്ന താഴെപ്പറയുന്ന സ്ഥാപനങ്ങൾ ജീവനക്കാരുടെ തൊഴിൽ നികുതി അടവാക്കിയിട്ടില്ല. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമനം | അപേക്ഷകന്റെ പേര്/ കെട്ടിട നമ്പർ | സ്ഥാപനത്തിന്റെ പേര് | ലൈസൻസ് നം. |
|---|---|---|---|
| 1 | ശ്രീ. ടി.ജെ അവറാച്ചൻ, 9/216 | തിരുതനത്തിൽ ടൂറിസ്റ്റ് ഹോം, മഞ്ചപ്ര (ഫോർ സ്റ്റാർ ഹോട്ടൽ & ബാർ) | 22/17-18 |
| 2 | ശ്രീ. ജയകൃഷ്ണൻ എ, 4/297 | ഹോട്ടൽ അരമന, മഞ്ചപ്ര<br>(ഹോട്ടൽ & ബാർ) | 35/17-18 |
| 3 | ശ്രീ. രാജീവ് കെ. ബലോട്ടിയ, 6/243 | സ്കൈ കാർബൺ ഇന്ത്യ പ്രൈവറ്റ് ലി., മഞ്ചപ്ര | 52/17-18 |
| 4 | ശ്രീ. പോൾസൺ വി.ഒ, 6/301 | വളാഞ്ചേരി അഗ്രോ മിൽസ്, പള്ളിക്കുന്ന്, മഞ്ചപ്ര | 61/17-18 |

| | | | |
|---|---|---|---|
| 5 | ശ്രീ. രാജീവ് കെ.കെ, 6/242 | എ-വൺ റബ്ബർ, കുഴിയംപാടം, മഞ്ഞപ്ര | 71/17-18 |

തൊഴിൽ നികുതി ഈടാക്കാത്തത് സംബന്ധിച്ച് വിശദീകരണം ലഭ്യമാക്കുന്നതിനായി 16.01.2019 ൽ നൽകിയ ഓഡിറ്റ് എൻക്വയറി നം.4 ന് മറുപടി ലഭ്യമാക്കിയിട്ടില്ല. മേൽ സൂചിപ്പിച്ച പ്രകാരമുള്ള തൊഴിൽ നികുതി ഈടാക്കി വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

## 2-3 വാണിജ്യാവശ്യത്തിനുള്ള കെട്ടിടം വിഭജിച്ച് വസ്തുനികുതി നിർണ്ണയിച്ചതു മൂലം നഷ്ടം

തദ്ദേശ സ്വയംഭരണ (ആർ.ഡി)വകുപ്പിന്റെ 14-01-11ലെ സർക്കാർ ഉത്തരവ് (അച്ചടി) 19/2011/ത.സ്വ.ഭ.വ നമ്പർ ഉത്തരവിന് വിധേയമായി പഞ്ചായത്ത് വാണിജ്യാവശ്യത്തിനുള്ള കെട്ടിടങ്ങൾക്ക് തറവിസ്തീർണ്ണം 100 ചതുരശ്ര മീറ്റർ വരെയുള്ളതിന് ചതുരശ്രമീറ്ററിന് 40/-രൂപയായും 100 ചതുരശ്ര മീറ്ററിന് മുകളിലുള്ളതിന് ചതുരശ്രമീറ്ററിന് 70/-രൂപയായും വസ്തുനികുതി നിരക്ക് നിശ്ചയിച്ചിട്ടുണ്ട്.

(1) 2015-16 വർഷത്തിൽ വസ്തുനികുതി നിർണ്ണയം നടത്തിയിട്ടുള്ള ശ്രീമതി. വിമല ബാബു & മരിയ കെ. ബാബു, കോളാട്ടുകുടി, മഞ്ഞപ്ര എന്നീ വ്യക്തികളുടെ ആകെ 513.30 ചതുരശ്ര മീറ്റർ തറവിസ്തീർണ്ണവുമുള്ള വാണിജ്യ ആവശ്യത്തിനുള്ള കെട്ടിടത്തിനെയും (2) 2017-18 വർഷത്തിൽ വസ്തുനികുതി നിർണ്ണയം നടത്തിയിട്ടുള്ള ശ്രീ. സ്റ്റീഫൻ, വടക്കേപുറത്താൻ, മഞ്ഞപ്ര എന്ന വ്യക്തിയുടെ ആകെ 121 ചതുരശ്ര മീറ്റർ തറ വിസ്തീർണ്ണമുള്ള വാണിജ്യ ആവശ്യത്തിനുള്ള കെട്ടിടത്തിനെയും വിവിധ കടമുറികളായി വിഭജിച്ച് നികുതി നിർണയിക്കുകയും അവയ്ക്ക് 100 ചതുരശ്ര മീറ്ററിന് താഴെ തറ വിസ്തീർണമുള്ള കെട്ടിടങ്ങൾക്ക് ബാധകമായ ചതുരശ്രമീറ്ററിന് 40/-രൂപ പ്രകാരമുള്ള നികുതി നിരക്ക് അനുവദിക്കുകയും ചെയ്തിട്ടുണ്ട്. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നം. | വാർഡ് നമ്പരും കെട്ടിട നമ്പരും | കെട്ടിടത്തിന്റെ വിസ്തൃതി (ച.മീ.) | നിർണ്ണയിച്ച നികുതി (അർഹതപ്പെട്ട വർദ്ധന /ഇളവ് ഉൾപ്പെടെ) (ച.മീറ്ററിന് 40 രൂപാ നിരക്കിൽ) | നിർണ്ണയിക്കേണ്ട നികുതി അർഹതപ്പെട്ട വർദ്ധന-ഇളവ് ഉൾപ്പടെ (ച.മീ.ന് 70 രൂപ നിരക്കിൽ) | കുറവ് |
|---|---|---|---|---|---|
| 1 | 3/301 F | 54 GF | 2592 (+20%റോഡ്) | 4536 (+20%റോഡ്) | 1944 |
| | 3/301 G | 45 GF | 2160 (+20%റോഡ്) | 3780 (+20%റോഡ്) | 1620 |
| | 3/301 H | 45 GF | 2160 (+20%റോഡ്) | 3780 (+20%റോഡ്) | 1620 |

| | | | | | |
|---|---|---|---|---|---|
| | 3/301 I | 45 GF | 2160 (+20%റോഡ്) | 3780 (+20%റോഡ്) | 1620 |
| | 3/301 J | 54.3 GF | 2607 (+20%റോഡ്) | 4562 (+20%റോഡ്) | 1955 |
| | 3/301 K | 60 FF | 2736 (+20%റോഡ്, -5% 1ാം നില) | 5040 (+20%റോഡ്, -5% 1ാം നില) | 2304 |
| | 3/301 L | 50 FF | 2280 (+20%റോഡ്, -5% 1ാം നില) | 4200 (+20%റോഡ്, -5% 1ാം നില) | 1920 |
| | 3/301M | 50 FF | 2280 (+20%റോഡ്, -5% 1ാം നില) | 4200 (+20%റോഡ്, -5% 1ാം നില) | 1920 |
| | 3/301 N | 60 FF | 2760 (+20%റോഡ്, -5% 1ാം നില) | 4830(+20%റോഡ്, -5% 1ാം നില) | 2070 |
| | 3/301 O | 52 FF | 2392 (+20%റോഡ്, -5% 1ാം നില) | 4186 (+20%റോഡ്, -5% 1ാം നില) | 1794 |
| 2 | 11/499 | 30 GF | 1380 (+20%റോഡ്) | 2415 (+20%റോഡ്) | 1035 |
| | 11/500 | 30 GF | 1380 (+20%റോഡ്) | 2415 (+20%റോഡ്) | 1035 |
| | 11/499A | 41 GF | 1886 (+20%റോഡ്) | 3300 (+20%റോഡ്) | 1414 |
| | 11/499 B | 20 GF | 920 (+20%റോഡ്) | 1610 (+20%റോഡ്) | 690 |

2011ലെ കേരള പഞ്ചായത്ത് രാജ് (വസ്തുനികുതിയും സേവന ഉപനികുതിയും സർചാർജ്ജും) ചട്ടങ്ങളിലെ ചട്ടം 3(5) പ്രകാരം ഒരു കെട്ടിടത്തിന്റെ വ്യത്യസ്ത ഭാഗങ്ങൾ 4-ാം ചട്ടം 1-ാം ഉപചട്ടത്തിൽ പ്രതിപാദിച്ചിരിക്കുന്ന വ്യത്യസ്ത ഉപയോഗക്രമങ്ങൾക്ക് ഉപയോഗിക്കുന്നുണ്ടെങ്കിൽ മാത്രമേ വേറെ വേറെ കെട്ടിടങ്ങളായി കണക്കാക്കി ഓരോ കെട്ടിട ഭാഗത്തിനും പ്രത്യേക വസ്തു നികുതി ചുമത്തേണ്ടതുള്ളൂ. 1994ലെ കേരള പഞ്ചായത്ത് രാജ് നിയമം 203(9) വകുപ്പിലും ഒരു കെട്ടിടത്തിന് രണ്ടോ അതിലധികമോ ഉപയോഗങ്ങൾ ഒരേ സമയം ബാധകമാകുമ്പോൾ മാത്രമാണ് പ്രസ്തുത കെട്ടിടത്തിന്റെ അതത് ഭാഗത്തിന് ബാധകമായ രീതിയിൽ വസ്തുനികുതി വെവ്വേറെ കണക്കാക്കാൻ നിഷ്കർഷിച്ചിട്ടുള്ളത്. ഇതു പ്രകാരം ഒരു കെട്ടിട ഉടമയുടെ ഒന്നിച്ചുള്ള വാണിജ്യാവശ്യത്തിനുള്ള കെട്ടിടം ഒന്നായി നികുതി നിർണയം നടത്തേണ്ടതാണ്.

മേൽപ്പറഞ്ഞ പ്രകാരം ചട്ടങ്ങൾക്ക് വിരുദ്ധമായി വസ്തുനികുതി നിർണ്ണയം നടത്തിയതിന് വിശദീകരണം ലഭ്യമാക്കുന്നതിനായി 17.01.2019 ൽ നൽകിയ ഓഡിറ്റ് എൻക്വയറി നം. 8 ന് മറുപടി ലഭ്യമാക്കിയിട്ടില്ല. പ്രസ്തുത കെട്ടിടങ്ങളുടെയും സമാന രീതിയിലുള്ള നിലവിലുള്ള മറ്റ് കെട്ടിടങ്ങളുടെയും വസ്തു നികുതി പുനർ

നിർണ്ണിയിച്ച് തുക ഈടാക്കാൻ നടപടി സ്വീകരിക്കേണ്ടതാണ്.

# ഭാഗം-3

## ചെലവു കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

## 3-1 ജെ.ബി.എസ് സ്കൂൾ അറ്റകുറ്റ പണി അപാകതകൾ

ജെ.ബി.എസ് സ്കൂളിലെ നിലവിലുള്ള ഓട് മേഞ്ഞ റൂഫിംഗ് പൊളിച്ചെടുത്ത് നിലവിലുള്ള മരം ഉപയോഗിച്ചുള്ള ഫ്രയിം ഒഴിവാക്കി GI പൈപ് ഉപയോഗിച്ച് ട്രസ്സ് വർക്ക് ചെയ്ത് നിലവിൽ പൊളിച്ചെടുത്ത ഓട് ഉപയോഗിച്ച് റൂഫിംഗ് നടത്തുകയാണ് പ്രവൃത്തി. രണ്ട് പ്രൊജക്ടുകളായാണ് ഈ പ്രവൃത്തി നടപ്പിലാക്കിയത്. വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

(a)

| | |
|---|---|
| പ്രവൃത്തി | ജെ.ബി.എസ് സ്കൂൾ അറ്റകുറ്റ പണി അപാകതകൾ |
| പ്രൊജക്ട് | S0 140/18 |
| കരാറുകാരൻ | ശ്രീ. പി. രമേശൻ |
| എം ബുക്ക് | 391/16-17 |
| Cost index | 44.76 |
| ആകെ പ്രവൃത്തി / ചെലവ് | 4,51,402/-(bill no. 41/18-7-18) |

എം ബുക്ക് പ്രകാരം ചെയ്ത പ്രവൃത്തികൾ താഴെ കൊടുക്കുന്നു (റിവൈസഡ് എസ്റ്റിമേറ്റ്)

1. റൂഫിംഗ് പൊളിച്ചെടുത്തതിന്
   141m2 x 111.97/m2 = 15,886/-
2. G I പൈപ്പ് - ട്രസ്സ് വർക്കിന്
   2476.44 kg x 148.96/kg = 3,68,891/-
3. ഡിപ്പാർട്ട്മെന്റൽ MP ടൈൽ ഉപയോഗിച്ച് റൂഫിംഗ് ചെയ്തത്.
   141.875 m2 x 469.61m2 = 66,626/-

ഓഡിറ്റ് പരാമർശങ്ങൾ

1. ഈ സ്ഥലം നേരിൽ കണ്ടതിൽ കെട്ടിടത്തിന്റെ ഒരു ഭാഗത്തെ റൂഫിംഗ് മാത്രമാണ് എം ബുക്ക് പ്രകാരം (ആകെ 141.875 m2) രേഖപ്പെടുത്തിയിട്ടുള്ളത്. എന്നാൽ മൊത്തം ട്രസ്സ് വർക്കിന് ഉപയോഗിച്ച 100mm x 50mm GI പൈപ്പിന്റെ വിലയും എംബുക്കിൽ രേഖപ്പെടുത്തിയിട്ടുണ്ട്. ഈ പ്രവൃത്തി ഇപ്രകാരം നടപ്പിലാക്കിയതിന് വിശദീകരണം നൽകേണ്ടതാണ്.
2. ഡിപ്പാർട്ട്മെന്റൽ MP ടൈൽ ഉപയോഗിച്ച് റൂഫിംഗ് ചെയ്തതിന് 141.875 m2 x

469.61m2 = 66,626/- രൂപ നൽകിയിട്ടുണ്ട്. ഒറിജിനൽ എസ്റ്റിമേറ്റ് പ്രകാരമുള്ള GI ഷീറ്റ് ഉപയോഗിച്ചുള്ള നിരക്കാണ് നൽകിയിട്ടുള്ളത്. ഡിപ്പാർട്ട്മെന്റൽ MP ടൈൽ ഉപയോഗിച്ച് റൂഫിംഗ് ചെയ്തതിന് നൽകാവുന്ന നിരക്ക് (DSR ഐറ്റം നം. 12.48 പ്രകാരം) 119/m2 ആണ്. ഇതു പ്രകാരം നൽകാവുന്ന തുക 141.875 x 119/m2 = 16883 രൂപയാണ്. അധികം നൽകിയ 49743/- രൂപ തിരികെ ഈടാക്കേണ്ടതാണ്.

b).

| | |
|---|---|
| പ്രവൃത്തി | ജെ.ബി.എസ് സ്കൂൾ അറ്റകുറ്റ പണി അപാകതകൾ |
| പ്രൊജക്ട് | So 145/18 |
| കൺവീനർ | ശ്രീമതി. ലിസ്സി പോൾ |
| എം ബുക്ക് | 420/16-17 |
| Cost index | 44.76 |
| ആകെ പ്രവൃത്തി | 3,16,686/-(bill No. 41/18-7-18) |

എം ബുക്ക് പ്രകാരം ചെയ്ത പ്രവൃത്തികൾ താഴെ കൊടുക്കുന്നു(റിവൈസഡ് എസ്റ്റിമേറ്റ്)

1. റൂഫിംഗ് പൊളിച്ചെടുത്തതിന്

204m2 x 104.67/m2 = 21,352.68/-

2. G I പൈപ്പ് - ട്രസ്സ് വർക്കിന്

1476.72kg x 139.24/kg = 2,05,618/-

3. ഡിപ്പാർട്ട്മെന്റൽ MP ടൈൽ ഉപയോഗിച്ച് റൂഫിംഗ് ചെയ്തത്.

204.3 m2 x 438.98m2 = 89683/-

ഓഡിറ്റ് പരാമർശങ്ങൾ

1. ഈ സ്ഥലം നേരിൽ കണ്ടതിൽ കെട്ടിടത്തിന്റെ ആകെ റൂഫിംഗ് ചെയ്തതിൽ ഒരു വശമാണ് എം ബുക്ക് പ്രകാരം രേഖപ്പെടുത്തിയിട്ടുള്ളത്. എന്നാൽ മൊത്തം ട്രസ്സ് വർക്കിന് ഉപയോഗിച്ച 100mm x 50mm GI പൈപ്പ് ഒഴികെ മറ്റ് എല്ലാ പൈപ്പുകളുടേയും വിലയും എംബുക്കിൽ രേഖപ്പെടുത്തിയിട്ടുണ്ട്. ഈ പ്രവൃത്തി ഇപ്രകാരം നടപ്പിലാക്കിയതിന് വിശദീകരണം നൽകേണ്ടതാണ്.
2. ഡിപ്പാർട്ട്മെന്റൽ MP ടൈൽ ഉപയോഗിച്ച് റൂഫിംഗ് ചെയ്തതിന് 204.3 m2 x 438.98m2 = 89683/- രൂപ നൽകിയിട്ടുണ്ട്. ഒറിജിനൽ എസ്റ്റിമേറ്റ് പ്രകാരമുള്ള GI ഷീറ്റ് ഉപയോഗിച്ചുള്ള നിരക്കാണ് നൽകിയിട്ടുള്ളത്. ഡിപ്പാർട്ട്മെന്റൽ MP ടൈൽ ഉപയോഗിച്ച് റൂഫിംഗ് ചെയ്തതിന് നൽകാവുന്ന നിരക്ക് (DSR ഐറ്റം നം. 12.48 പ്രകാരം) 119/m2 ആണ്. ഇപ്രകാരം നൽകാവുന്ന തുക 204.3m2x 119 = 24312 രൂപയാണ്. അധികം നൽകിയ 65,371/- രൂപ തിരികെ ഈടാക്കേണ്ടതാണ്.
3. പൊളിച്ചെടുത്ത മരത്തിന്റെ വിനിയോഗ വിവരം ലഭ്യമല്ല. വിശദീകരണം

നൽകേണ്ടതാണ്.

## 3-2 ബിറ്റുമിൻ ഇഷ്യൂ ചെയ്തത് - എസ്റ്റിമേറ്റ് തുക ഈടാക്കിയിട്ടില്ല.

മരാമത്ത് റോഡ് പ്രവൃത്തികൾക്ക് കരാറുകാർക്ക് ബിറ്റുമിൻ പഞ്ചായത്തിൽ നിന്ന് ഇഷ്യൂ ചെയ്തിട്ടുണ്ട്. ഇപ്രകാരം ബിറ്റുമിൻ ഇഷ്യൂ ചെയ്യുമ്പോൾ ബിറ്റുമിന്റെ എസ്റ്റിമേറ്റ് പ്രകാരമുള്ള തുകയാണ് ബില്ലിൽ നിന്ന് കുറവ് ചെയ്യേണ്ടത്. എസ്റ്റിമേറ്റ് പ്രകാരമുള്ള നിരക്കിൽ ബിറ്റുമിന്റെ വിലയും അതിന്റെ 10% ലാഭവും 10% ഓവർ ഹെഡ് ചാർജ്ജും ഉൾപെട്ടിട്ടുണ്ട്. എന്നാൽ ബില്ലിൽ നിന്നും ബിറ്റുമിന്റെ യഥാർത്ഥ ബില്ല് പ്രകാരമുള്ള വില മാത്രമാണ് കുറവ് ചെയ്തത്. ബിറ്റുമിന്റെ യഥാർത്ഥ ബില്ല് പ്രകാരമുള്ള വില എസ്റ്റിമേറ്റ് പ്രകാരമുള്ള തുകയേക്കാൾ കുറവ് ആണ്. ഇപ്രകാരം ബിറ്റുമിന്റെ എസ്റ്റിമേറ്റ് പ്രകാരമുള്ള തുക ഈടാക്കാത്തതിനാൽ കരാറുകാരന് അധികം തുക നൽകിയിട്ടുണ്ട്. ഡാറ്റ പ്രകാരം ബിറ്റുമിന്റെ വില 32.972/kg രൂപയാണ്. ഇതിന്റെ 10% ലാഭവും 10% ഓവർ ഹെഡ് ചാർജ്ജും ഉൾപ്പടെ ഈടാക്കേണ്ട തുക 39.972/kg രൂപയാണ്. SS Emulsion വില ഡാറ്റ പ്രകാരം 36/kg രൂപയാണ്. ഇതിന്റെ 10% ലാഭവും 10% ഓവർ ഹെഡ് ചാർജ്ജും ഉൾപ്പടെ ഈടാക്കേണ്ട തുക 43.56/kg രൂപയാണ്. RS Emulsion വില ഡാറ്റ പ്രകാരം 32.972/kg രൂപയാണ്. ഇതിന്റെ 10% ലാഭവും 10% ഓവർ ഹെഡ് ചാർജ്ജും ഉൾപ്പടെ ഈടാക്കേണ്ട തുക 41.693/kg രൂപയാണ്. സർക്കാർ ഉത്തരവ് പ്രകാരം ഡിപ്പാർട്ട്മെന്റ് ഇഷ്യൂ ചെയ്യുന്ന ബിറ്റുമിന് ലാഭവും ഓവർ ഹെഡ് ചാർജ്ജും നൽകേണ്ടതില്ല.

വിശദാംശങ്ങൾ താഴെകൊടുക്കുന്നു.

| പ്രൊ. നം | പ്രവൃത്തി | നല്കിയ ബിറ്റുമിൻ | | | ബിറ്റുമിൻ ഇനത്തിൽ ബില്ലിൽ നിന്നും ഈടാക്കിയ തുക |
|---|---|---|---|---|---|
| | | Vg 30 | RS Emulsion | SS Emulsion | |
| 94/17 | സബ്സെന്റർ കടത്ത് കലുങ്ക് റോഡ് | 14(2184) | 2(364) | | 92745 |
| So 79/17 | വിവിധ റോഡുകൾ വാർഡ് 8 | 54(8424) | 5(910) | | 3,38,855 |
| 63/17 | കരിങ്ങാപുരം കുരിശ് റോഡ് | 30(4680) | 3(546) | | 1,89,799 |
| 92/17 | സ്റ്റാനി ഭവൻ | 9(1404) | 1(182) | 3 | 94,129 |

| | | | | | |
|---|---|---|---|---|---|
| | റോഡ് | | | | |
| 99/17 | ഇടമലയാർ കനാൽ ബണ്ട് റോഡ് | 13(2028) | 1(182) | | 80,159 |
| 100/17 | വിവിധ റോഡുകൾ വാർഡ് 4 | 20(3120) | 1(182) | | 1,26,532 |
| 98/17 | മഞ്ഞളി ക്രിസ്തുദാസ് കോൺവെന്റ് റോഡ് | 17(2652) | 2(364) | | 1,09,639 |
| 41/17 | മെറ്റലിംഗ് ആനപാറ എലവന്തി റോഡ് | 15(2340) | 2(364) | 6 | 1,71,354 |

എസ്റ്റിമേറ്റ് പ്രകാരമുള്ള ബിറ്റുമിന്റെ വില ഈടാക്കി ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

## 3-3 മരാമത്ത് പ്രവൃത്തി അപാകതകൾ

a. പഞ്ചായത്ത് തനത് വർഷം 3.74 കോടി രൂപ മരാമത്ത് പ്രവൃത്തികൾക്കായി ചെലവഴിച്ചിട്ടുണ്ട്. ഇതിൽ അധികം തുകയും ചെലവഴിച്ചത് റോഡ് മെയിന്റനൻസ് ചെയ്യുന്നതിനാണ്. റോഡിന്റെ സൈഡ് സംരക്ഷണ ഭിത്തി കെട്ടുക, റോഡ് ടാറിംഗ്, റോഡിൽ കട്ട വിരിക്കുക എന്നീ പ്രവൃത്തികളാണ് കൂടുതലായും ചെയ്തത്. റോഡുകളുടെ ആകെ നീളമോ കട്ട വിരിക്കുന്ന ഭാഗത്തിന്റെ ചെയിനേജോ സൈഡ് സംരക്ഷണ ഭിത്തി കെട്ടുന്ന ഭാഗത്തെ ചെയിനേജോ എസ്റ്റിമേറ്റ് റിപ്പോർട്ടിലോ എസ്റ്റിമേറ്റിലോ എംബുക്കിലോ ഒന്നും രേഖപ്പെടുത്തുന്നില്ല. റോഡുകൾ മുഴുവൻ മെയിന്റനൻസ് ചെയ്യാതെ റോഡിന്റെ ചെറിയ ഭാഗം മാത്രം മെയിന്റനൻസ് നടത്തുകയാണ് ചെയ്യുന്നത്. പ്രവൃത്തി ചെയ്യുന്ന ഭാഗത്തിന്റെ ചെയിനേജോ രേഖപ്പെടുത്താത്തതിനാൽ സ്ഥലം നേരിൽ പോയി പ്രവൃത്തി ചെയ്തത് പരിശോധിക്കാൻ സാധ്യമല്ല. മാത്രമല്ല പ്രവൃത്തികൾ പൂർത്തിയാക്കി എന്നുള്ള മോണിറ്ററിംഗ് റിപ്പോർട്ടും ഒരു ഫയലിലും ഉള്ളടക്കം ചെയ്തിട്ടില്ലാത്തതിനാൽ പ്രവൃത്തികൾ ചെയ്തിട്ടുണ്ടോ എന്നു പോലും അറിയില്ല. ഓരോ വർഷവും ഒരേ റോഡ് തന്നെ കുറച്ച് ഭാഗം മാത്രം മെയിന്റനൻസ് ചെയ്യുന്നു. ഓരോ വർഷവും പുതിയ പ്രൊജക്ടായി പദ്ധതി നടപ്പിലാക്കുന്നതിനാൽ ഓരോ റോഡും ഇതുവരെ എത്ര മീറ്റർ നീളത്തിൽ എവിടെവരെ ഏതെല്ലാം ഭാഗത്ത് മെയിന്റനൻസ് ചെയ്തിട്ടുണ്ട് എന്നത് സംബന്ധിച്ച ഒരു വിവരവും പഞ്ചായത്തിൽ ലഭ്യമല്ല.

## 3-4 സെക്രട്ടറി നടപ്പിലാക്കിയ പദ്ധതികളിലെ അപാകതകൾ

| | | |
|---|---|---|
| പ്രോജക്ട് നം. | 9/17-18 | SO49/17-18 |
| പ്രോജക്ട് | സി എഫ് എൽ തെരുവുവിളക്ക് സ്ഥാപിക്കൽ. | പഞ്ചായത്തിന് എൽ.ഇ.ഡി സ്ട്രീറ്റ് ലൈറ്റ് വാങ്ങൽ |
| നിർവ്വഹണം | സെക്രട്ടറി | സെക്രട്ടറി |
| അടങ്കൽ | 300000/-(ധനകാര്യ കമ്മീഷൻ-വിഹിതം) | 400000/-(ലോക ബാങ്ക് സഹായം-വിഹിതം) |
| ചെലവ് | 276610/-(ധനകാര്യ കമ്മീഷൻ-വിഹിതം) | 398520/-(ലോക ബാങ്ക് സഹായം-വിഹിതം) |
| ബിൽ നം/ തുക | 23/2017-18, 276610/- തീ 12.1.18 | 8/2017-18, 386220/- തീ 18.8.17<br>22/2017-18, 12300/- തീ 12.1.18 |
| സ്ഥാപനം | സെഞ്ചുറി ഇലക്ട്രോണിക്സ് &ഇലക്ട്രിക്കൽസ് | ഇകൊമേറ്റ് എനർജി സൊല്യൂഷൻസ് |

1. മേൽ പ്രോജക്ടുകൾ പ്രകാരം പഞ്ചായത്തിൽ എൽ.ഇ.ഡി സ്ട്രീറ്റ് ലൈറ്റ് വാങ്ങി സ്ഥാപിക്കുന്നതിനായി മുകളിൽ പറഞ്ഞ സ്ഥാപനങ്ങളുമായി കരാറിൽ ഏർപ്പെട്ടുകയും ബിൽ പ്രകാരമുള്ള തുക നൽകിയിട്ടുള്ളതുമാണ്. എന്നാൽ ഇൻകം ടാക്സ് ആക്ട്, സെക്ഷൻ 194-C പ്രകാരം സ്ഥാപനങ്ങളിൽ നിന്ന് ഈടാക്കേണ്ട 2% TDS കുറവു ചെയ്തിട്ടില്ല. ഈ സ്ഥാപനങ്ങളിൽ നിന്നും ആകെ തുകയായ 675130/-രൂപയുടെ 2% തുകയായ 13503/-രൂപ TDS ഇനത്തിൽ ഈടാക്കേണ്ടതാണ്.

കൂടാതെ ഈ സ്ഥാപനങ്ങളിൽ നിന്ന് എൽ.ഇ.ഡി സ്ട്രീറ്റ് ലൈറ്റ് വാങ്ങുന്നതിനായി ഏർപ്പെട്ട കരാറിൽ ഏത് ബ്രാൻഡ് എൽ ഇ ഡി സ്ട്രീറ്റ് ലൈറ്റാണ് നൽകേണ്ടത് എന്ന് രേഖപ്പെടുത്തുകയോ, അവർ ഏത് ബ്രാൻഡ് ലൈറ്റാണ് നൽകിയത് എന്ന് ബില്ലിൽ രേഖപ്പെടുത്തുകയോ ചെയ്തിട്ടില്ല. മാർക്കറ്റിൽ പല ഗുണനിലവാരത്തിലും വിലയിലും ലഭ്യമാകുന്ന സാധനങ്ങളുടെ വാങ്ങലിനുള്ള കാര്യത്തിൽ ടെൻഡറിന്റെ അടിസ്ഥാനത്തിൽ കരാറിൽ ഏർപ്പെടുമ്പോൾ തന്നെ കരാറിൽ ബ്രാൻഡ് പേരുകളും മറ്റു വിവരണങ്ങളും രേഖപ്പെടുത്തേണ്ടതും കരാർ പ്രകാരം അതിന്റെ കൃത്യത ഉറപ്പാക്കാൻ ശ്രദ്ധിക്കേണ്ടതുമാണ്.

2. പ്രോജക്ട് നം.5/18, IKM-ന് പഞ്ചായത്ത് വിഹിതം, പ്രകാരം 34405/- രൂപ (തനത് ഫണ്ട്)IKM-ന് നൽകുകയുണ്ടായി. തുക ചെലവായതിനുള്ള വിനിയോഗ സാക്ഷ്യപത്രം ലഭ്യമാക്കുന്നതിനുള്ള നടപടി സ്വീകരിക്കേണ്ടതാണ്.

3. പ്രോജക്ട് നം.14/18, വിവിധ വാർഡുകളിൽ വൈദ്യുത പോസ്റ്റ് സ്ഥാപിച്ച് ലൈൻ നീട്ടൽ പ്രകാരം 396580/-രൂപ(ബിൽ നം 13/18-19-തീ-12-10-17, 295677/; ബിൽ നം 14/18-19,-തീ-12-10-17; 69853/,ബിൽ നം 28/18-19, 31050/-, തീ, 14-2-18;)

കെ. എസ്.ഇ.ബി -യ്ക്ക് നൽകുകയുണ്ടായി. തുക ചെലവായതിനുള്ള വിനിയോഗ സാക്ഷ്യപത്രം ലഭ്യമാക്കുന്നതിനുള്ള നടപടി സ്വീകരിക്കേണ്ടതാണ്..

4. പ്രോജക്റ്റ് നം.189/18, പഞ്ചായത്തിന് കംപ്യൂട്ടറും അനുബന്ധ ഉപകരണങ്ങളും വാങ്ങൽ പ്രകാരം ആകെ ചെലവായ 95000/- രൂപയിൽ തനതു ഫണ്ടിൽ നിന്നു ചെലവായ 8279/-രൂപ ചെലവ് രേഖയിൽ ഉൾപെടുത്തുന്നതിനുള്ള നടപടി സ്വീകരിക്കേണ്ടതാണ്.

## 3-5 പഠനമുറിക്ക് സഹായം- സർക്കാർ നിർദ്ദേശങ്ങൾ പാലിച്ചില്ല

| | |
|---|---|
| പ്രോജക്റ്റ് നം. | S023/17-18 |
| പ്രോജക്റ്റ് | പട്ടികജാതി വിദ്യാർത്ഥികൾക്ക് പഠനമുറി നിർമ്മാണം. |
| നിർവ്വഹണം | അസിസ്റ്റന്റ് സെക്രട്ടറി |
| അടങ്കൽ | 700000/-(എസ് സി പി-വിഹിതം -700000) |
| ചെലവ് | 550000/-(എസ് സി പി-വിഹിതം -550000) |
| ബിൽ നം | 4/2017-18, 350000/- തീ 6.1.18<br>7/2017-18, 200000/- തീ 21.3.18 |

1. മേൽ പ്രോജക്റ്റ് പ്രകാരം ധനസഹായം നൽകിയ എ.കെ.മോഹനൻ, അമ്പാടൻ (ക്രമ നം-6) എന്ന ഗുണഭോക്താവിന്റെ ജോലി സർക്കാർ ജീവനം എന്ന് ഇദ്ദേഹത്തിന്റെ റേഷൻ കാർഡിൽ (പൊതുവിഭാഗം) രേഖപ്പെടുത്തിയിരിക്കുന്നു. ഈ ഗുണഭോക്താവിന്റെ വരുമാന സർട്ടിഫിക്കറ്റും പരിശോധനക്കായി ഹാജരാക്കിയിട്ടില്ല.ഇദ്ദേഹത്തിന് പഠനമുറി നിർമ്മാണത്തിനായി രണ്ടു ബില്ലുകളിലായി 50000/-വീതം ആകെ 100000/- രൂപ നൽകിയിട്ടുണ്ട്.

മാർഗ നിർദ്ദേശ പ്രകാരം 2 ലക്ഷം രൂപ വരെ കുടുംബ വാർഷിക വരുമാനമുള്ളവർക്കു മാത്രമാണ് ധനസഹായം നൽകേണ്ടത്. ഓഡിറ്റ് എൻക്വയറിയ്ക്ക് നൽകിയ മറുപടിയിൽ, സർക്കാർ ഉത്തരവ് പ്രകാരം വിദ്യാഭ്യാസ ആനുകൂല്യത്തിന് പട്ടികജാതി വിഭാഗത്തിൽ വരുമാനം നോക്കേണ്ടതില്ല എന്നതിനാൽ ആണ് ധനസഹായം നൽകിയത് എന്നറിയിച്ചു . എന്നാൽ ധനസഹായം നൽകുന്നതിന് മാർഗ്ഗരേഖ പ്രകാരം കുടുംബം ബി പിഎൽ ആയിരിക്കണം എന്ന നിബന്ധനയുണ്ട്. ഇക്കാര്യത്തിൽ ആ നിബന്ധന പാലിക്കാൻ സാധിച്ചിട്ടില്ല.

2. കൂടാതെ മാർഗനിർദ്ദേശ പ്രകാരം 800 ച. അടിയിൽ അധികരിക്കാതെ നിർമ്മിയ്ക്കുന്ന വീടുകൾക്കാണ് ധനസഹായം നൽകാവുന്നത്. എന്നാൽ ധനസഹായം നൽകിയ ഗുണഭോക്താക്കളുടെ വീടിന്റെ പ്ലാൻ ലഭ്യമാക്കിയിട്ടില്ല. വീടിനോട് അധികമുറി കൂട്ടിച്ചേർക്കുന്നതിന് പഞ്ചായത്തിൽ നിന്നും പെർമിറ്റ് എടുത്തതായി കാണുന്നില്ല.

പദ്ധതികൾ നടപ്പാക്കുമ്പോൾ സർക്കാർ നിർദ്ദേശങ്ങൾ കർശനമായി പാലിക്കേണ്ടതാണ്.

## 3-6 വി ഇ ഒ നടപ്പിലാക്കിയ പദ്ധതിയിലെ അപാകത

| | |
|---|---|
| പ്രോജക്ട്നം. | S0157/17-18 |
| പ്രോജക്ട് | കിണർ മെയിന്റനൻസ് |
| നിർവ്വഹണം | വി.ഇ.ഒ |
| അടങ്കൽ | 305000/-(ധനകാര്യകമ്മീഷൻ-വിഹിതം -303017, തനത് ഫണ്ട്-1983/- |
| ചെലവ് | 305000/-<br>(ധനകാര്യകമ്മീഷൻ-വിഹിതം -303017, തനത് ഫണ്ട്-1983/- |
| ബിൽ നം | 3/2017-18, 230000/- തീ 24.1.18<br>6/2017-18, 73017/- തീ 17.2.18 |

മേൽ പ്രോജക്ട് പ്രകാരം 5000/-രൂപ ധനസഹായം നൽകിയ ജോബി ടി പി (ക്രമ നം-33) എന്ന ഗുണഭോക്താവിന്റെ ജോലി പൊതു മേഖല സ്ഥാപനം എന്ന് ഇയാളുടെ റേഷൻ കാർഡിൽ രേഖപ്പെടുത്തിയിട്ടുത്തിയിരിക്കുന്നു. ഈ ഗുണഭോക്താവിന്റെ വരുമാന സർട്ടിഫിക്കറ്റും പരിശോധനക്കായി ഹാജരാക്കിയിട്ടില്ല. മാർഗരേഖ പ്രകാരം കിണർ മെയിന്റനൻസിന് ജനറൽ വിഭാഗത്തിൽ 1 ലക്ഷം വരെ വരുമാന പരിധിയിൽപെടുന്നവർക്കാണ് ധനസഹായം നൽകേണ്ടത്. ഓഡിറ്റ് എൻക്വയറിയ്ക്ക് നൽകിയ മറുപടിയിൽ റേഷൻ കാർഡിൽ ജോലി തെറ്റായി രേഖപ്പെടുത്തിയതാണെന്നും വരുമാന സർട്ടിഫിക്കറ്റിനായി അപേക്ഷിച്ചതായും അറിയിച്ചു. വരുമാനത്തിന്റ കൃത്യത ഉറപ്പാക്കി ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

## 3-7 മെഡിക്കൽ ഓഫീസർ (പി എച്ച് സി) നിർവ്വഹണം നടത്തിയ പദ്ധതികളിലെ അപാകതകൾ

1. മെഡിക്കൽ ഓഫീസർ (പി എച്ച് സി) നിർവ്വഹണം നടത്തിയ കിടപ്പിലായ രോഗികൾക്കുള്ള സാന്ത്വന പരിചരണം, (പ്രോജക്ട് നമ്പർ 2/2017-18) പ്രകാരം 161219/-രൂപയുടേയും(15000 + 83101+ 63118 -ബിൽ നം 3/17-18, 9/2018, 14/17 -18,) പി എച്ച് സിയിലേക്ക് മരുന്ന് വാങ്ങൽ (പ്രോജക്ട് നമ്പർ 102/2017-18)

പ്രകാരം 200000/-രൂപയുടേയും (15000 +15000+15000 +140000+15000 -ബിൽ നം 2/17-18, 4/2018, 5/17-18, 7/2017 -18, 12/17-18) മരുന്നുകൾ, സപ്ലൈകോ, മാവേലി സ്റ്റോറിൽ നിന്ന് വാങ്ങിയതായി കാണുന്നു. ജി. ഒ.(എം എസ്)4/2016 ത.സ്വ.ഭ.വ തീ. 11.01.2016 പ്രകാരം ജില്ലാ മെഡിക്കൽ ഓഫീസറുടെ നോൺ അവൈലബിലിറ്റി സർട്ടിഫിക്കറ്റിന്റെ അടിസ്ഥാനത്തിൽ കേരള മെഡിക്കൽ കോർപറേഷൻ ലിമിറ്റഡിൽ നിന്നാണ് മരുന്നുകൾ വാങ്ങേണ്ടത്. അത്യാവശ്യ സന്ദർഭങ്ങളിലും കേരള മെഡിക്കൽ കോർപറേഷൻ ലിമിറ്റഡിന്റെ നോൺ അവൈലബിലിറ്റി സർട്ടിഫിക്കറ്റിന്റെ അടിസ്ഥാനത്തിലും മാത്രമാണ് സപ്ലൈകോ, മാവേലി സ്റ്റോറിൽ നിന്നും മരുന്ന് വാങ്ങുന്നതിന് അനുമതി നൽകിയിരിക്കുന്നത്. ജില്ലാ മെഡിക്കൽ ഓഫീസറുടെ "മെഡിക്കൽ ഡിപ്പാർട്ട്മെന്റ് വഴി നൽകുന്ന മരുന്നുകൾ ലഭ്യമല്ല "എന്ന സാക്ഷ്യപത്രമാണ് പ്രൊജക്ട് ഫയലിൽ ഉള്ളടക്കം ചെയ്തിരിക്കുന്നത്. ഇത് അടിസ്ഥാനമാക്കി മാത്രം പ്രൊജക്ട് പ്രകാരം വാങ്ങാൻ നിശ്ചയിച്ച മരുന്നുകളും കേരള മെഡിക്കൽ കോർപ്പറേഷൻ ലിമിറ്റഡിൽ ലഭ്യമായിരുന്നില്ല എന്ന് സ്ഥാപിക്കാൻ കഴിയില്ല. ഡിപ്പാർട്ട്മെന്റ് തലത്തിലുള്ള മരുന്ന് വാങ്ങലിന് ബാധകമായ സർട്ടിഫിക്കറ്റിന്റെ അടിസ്ഥാനത്തിൽ മാത്രം പഞ്ചായത്ത് പദ്ധതി പ്രകാരം വാങ്ങുന്ന മരുന്നുകൾ സപ്ലൈകോ, മാവേലി സ്റ്റോറിൽ നിന്നും വാങ്ങാവുന്നതല്ല. എന്നാൽ 2017-18 വർഷം പഞ്ചായത്ത് പദ്ധതി പ്രകാരംവാങ്ങിയ എല്ലാ മരുന്നുകളും സപ്ലൈകോ മാവേലിസ്റ്റോറിൽ നിന്നും മാത്രമാണ് വാങ്ങിയിരിക്കുന്നത്. ഈ അപാകതയ്ക്ക് നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്കുള്ള മറുപടിയിൽ മരുന്നുകൾ ലഭ്യമാകുന്നതിനുള്ള കാലതാമസം മൂലമാണ് സപ്ലൈകോ, മാവേലി സ്റ്റോറിൽ നിന്നും മരുന്നുകൾ വാങ്ങുന്നത് എന്നാണ് അറിയിച്ചത്. ആവശ്യമായ മരുന്നുകൾ മുൻകൂട്ടി കണക്കാക്കി ഇൻഡന്റ് പ്രകാരം കേരള മെഡിക്കൽ കോർപറേഷൻ ലിമിറ്റഡിൽ നിന്നു വാങ്ങുന്നതിനുള്ള നടപടികൾ സ്വീകരിക്കാത്തതുകൊണ്ടാണ് മരുന്നുകൾ ലഭ്യമാകുന്നതിന് കാലതാമസമുണ്ടാകുന്നത് എന്ന് ഓഡിറ്റ് വിലയിരുത്തുന്നു. ആയതിനാൽ മാർഗ്ഗ നിർദേശങ്ങൾ പാലിച്ച് ആവശ്യമായ മരുന്നുകൾ മുൻകൂട്ടി കണക്കാക്കി ഇൻഡന്റ് പ്രകാരം കേരള മെഡിക്കൽ കോർപറേഷൻ ലിമിറ്റഡിൽ നിന്നും വാങ്ങുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 3-8 കുടുംബശ്രീ യൂണിറ്റുകൾക്ക് റിവോൾവിങ്ങ് ഫണ്ട് -അപാകതകൾ

| | |
|---|---|
| പ്രോജക്ട് നം. | S0108/17-18 |
| പ്രോജക്ട് | കുടുംബശ്രീ യൂണിറ്റുകൾക്ക് റിവോൾവിങ്ങ് ഫണ്ട് |

| | |
|---|---|
| നിർവ്വഹണം | അസിസ്റ്റന്റ് സെക്രട്ടറി |
| അടങ്കൽ | 300000/-<br>(പൊതുവിഭാഗം-സാധാരണ വിഹിതം -300000) |
| ചെലവ് | 300000/-<br>(പൊതുവിഭാഗം-സാധാരണ വിഹിതം -300000) |
| ബിൽ നം | 6/17-18 തീ. 12.01.18 – 300000/- |

കുടുംബശ്രീ യൂണിറ്റുകൾക്ക് റിവോൾവിങ്ങ് ഫണ്ട് എന്ന പദ്ധതി നടപ്പാക്കിയതുമായി ബന്ധപ്പെട്ട് 30 കുടുബശ്രീ യൂണിറ്റുകൾക്കായി 10000/- രൂപ വീതം മേൽ പദ്ധതി പ്രകാരം നൽകിയതായി കാണുന്നു. ഉത്പാദനം (വ്യവസായം, സ്വയംതൊഴിൽസംരഭം, വിപണന പ്രോത്സാഹനം) എന്ന മേഖലയിലാണ് പദ്ധതി വിഭാവനം ചെയ്തിരിക്കുന്നത്. റിവോൾവിങ്ങ് ഫണ്ട് രൂപീകരണവും വിനിയോഗവും സംബന്ധിച്ചുള്ള മാർഗനിർദേശങ്ങൾ പ്രകാരം റിവോൾവിങ്ങ് ഫണ്ട് പലിശരഹിത പ്രോത്സാഹനം മാത്രമാണ്. ഇത് പ്രതിമാസ തവണകളായി സഹായം ലഭിച്ച് മൂന്ന് മാസം കഴിയുന്നത് മുതൽ നിർവ്വഹണ ഉദ്യോഗസ്ഥന്റെ പേരിലുള്ള ഇതിനായുള്ള ബങ്ക് അക്കൗണ്ടിൽ തിരികെ അടച്ച് തുടങ്ങേണ്ടതാണ്. ഇതിനായി കുടുംബശ്രീ യൂണിററുകളുമായി കരാറിൽ ഏർപ്പെടേണ്ടതും ഇടപാടുകൾ രേഖപ്പെടുത്തുന്നതിന് രജിസ്റ്ററുകൾ സൂക്ഷിക്കേണ്ടതുമാണ്. കുടുംബശ്രീ യൂണിററുകൾ നടപ്പാക്കാൻ ഉദ്ദേശിച്ചിരുന്ന സംരഭങ്ങളെ കുറിച്ചോ, അത് നടപ്പിലാക്കിയതിന്റെ വിവരങ്ങളോ ലഭ്യമല്ല.

പദ്ധതി നടത്തിപ്പിൽ മാർഗ്ഗനിർദ്ദേശങ്ങൾ പാലിക്കുന്നുണ്ടെന്ന് ഉറപ്പാക്കേണ്ടതും കൃത്യമായ മോണിറ്ററിങ്ങ് നടത്തേണ്ടതുമാണ്.

# ഭാഗം-4

## പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

## 4-1 സംയുക്ത പ്രൊജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം

| വിഹിതം നൽകിയ സ്ഥാപനം | വർഷം | ലഭിച്ച തുക | പ്രൊജക്ടിന്റെ പേര് | ചെലവ് | ബാലൻസ് |
|---|---|---|---|---|---|
| ബ്ലോക്ക് പഞ്ചായത്ത് | 2017-18 | 2,00,000 | ക്ഷീരകർഷകർക്ക് പാലിന് ഇൻസെന്റീവ് | 2,00,000 | 0 |
| ബ്ലോക്ക് പഞ്ചായത്ത് | 2016-17 & 2017-18 | 184,000 | ശാരീരിക മാനസിക വെല്ലുവിളി നേരിടുന്നവർക്ക് സ്കോളർഷിപ്പ് | 1,84,000 | 0 |

| | | | | | |
|---|---|---|---|---|---|
| ബ്ലോക്ക് പഞ്ചായത്ത് | 2016-17 | 5,00,000 | ഗാർഹിക ബയോഗ്യാസ് പ്ലാന്റ് | 3,95,000 | 105000 |
| ബ്ലോക്ക് പഞ്ചായത്ത് | 2017-18 | 216750 | നെൽകൃഷി കൂലി ചെലവ് സബ്സിഡി | 0 | 216750 |
| ബ്ലോക്ക് പഞ്ചായത്ത് | 2017-18 | 1188856 | ലൈഫ് – പൂർത്തീകരിക്കാത്ത വീടുകളുടെ പൂർത്തീകരണം | 0 | 1188856 |
| ജില്ലാ പഞ്ചായത്ത് | 2017-18 | 2,00,000 | ശാരീരിക മാനസിക വെല്ലുവിളി നേരിടുന്നവർക്ക് സ്കോളർഷിപ്പ് | 2,00,000 | 0 |
| ജില്ലാ പഞ്ചായത്ത് | 2017-18 | 4500000 | ലൈഫ് – പൂർത്തീകരിക്കാത്ത വീടുകളുടെ പൂർത്തീകരണം | 0 | 4500000 |

## 4-2 ഡെപ്പോസിറ്റ് വർക്കിനു നൽകിയ തുകയുടെ വിവരങ്ങൾ

ഓഡിറ്റ് വർഷത്തിൽ താഴെ പറയുന്ന സ്ഥാപനങ്ങൾക്ക് ഡെപ്പോസിറ്റ് വർക്കായി പ്രവൃത്തി നടത്തുന്നതിന് മുൻകൂർ നൽകിയിട്ടുണ്ട്. തുക ചെലവഴിച്ച് പ്രവൃത്തി നടത്തിയതിന്റെയും ബാക്കി തുകയുടെയും വിവരങ്ങൾ താഴെ കൊടുക്കുന്നു.

| നിർവ്വഹണ ഏജൻസി | പ്രവൃത്തിയുടെ പേര് | വൗച്ചർ നമ്പർ/ ചെക്ക് നം. | മുൻകൂർ നൽകിയ തുക | ചെലവഴിച്ച തുക | ചെലവഴിക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|---|
| കെ.എസ്.ഇ.ബി | 14/17-18 വിവിധ വാർഡുകളിൽ വൈദ്യുത പോസ്റ്റ് സ്ഥാപിച്ച് ലൈൻ നീട്ടൽ | 21700839/16.2.18 31050/-രൂപ 21700779/31.1.2017 69853/-രൂപ 21700780/31.1.18 295677/-രൂപ | 396580 | 0 | 396580 |

## 4-3 മൊബിലൈസേഷൻ അഡ്വാൻസ് നൽകിയത്

ഓഡിറ്റ് വർഷം മരാമത്ത് പ്രവൃത്തികൾക്ക് മൊബിലൈസേഷൻ അഡ്വാൻസായി ഗുണഭോക്തൃ സമിതികൾക്ക് തുകയൊന്നും നൽകിയിട്ടില്ല.

## 4-4 വായ്പ/ വായ്പ തിരിച്ചടവ്

ഓഡിറ്റ് വർഷം വായ്പ തിരിച്ചടച്ചതിന്റെയും വർഷാവസാനം തിരിച്ചടയ്ക്കാൻ അവശേഷിക്കുന്ന വായ്പ തുകയുടെയും വിശദവിവരം താഴെ കൊടുക്കുന്നു.

| വായ്പയുടെ പേര്/ ഉദ്ദേശ്യം | ഉത്തരവ് നമ്പർ/തീയതി | വായ്പ തുക | വർഷാരംഭത്തിൽ തിരിച്ചടയ്ക്കാൻ ബാക്കിയുണ്ടായിരുന്ന തുക | തൻവർഷം തിരിച്ചടച്ച തുക | | വർഷാവസാനം തിരിച്ചടയ്ക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|---|---|
| | | | | മുതൽ | പലിശ | |
| ഇ.എം.എസ്. ലോൺ തിരിച്ചടവ് | സ.ഉ.(സാ.ധാ) 530/2010/ ത.സ്വ.ഭ.വ /18.02.2010 | 81,82,500 | 23,87,325 | 14,74,670 | - | 9,12,655 |

## 4-5 സ്ഥിരനിക്ഷേപങ്ങൾ

ഇല്ല

## 4-6 ഓഡിറ്റ് റിക്കവറി

ഈയിനത്തിൽ തൻവർഷം ലഭിച്ച 2500/- രൂപയുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| റിപ്പോർട്ട് വർഷം | ഭാഗം/ ഖണ്ഡിക | ഈടാക്കിയ തുക | ഒടുക്കിയ ആളുടെ പേരും ഉദ്യോഗപ്പേരും | രശീത് നമ്പർ തിയ്യതി |
|---|---|---|---|---|
| 2016-17 | 2-2 | 2500 | ഡോ. അബി ഹോർമിസ് | 117020103362 dt 6.12.17 |
| ആകെ | | 2500 | | |

## 4-7 സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശം

ഇല്ല

## 4-8 ചാർജ് സർചാർജ് നടപടികളുടെ വിവരം

(എ) ചാർജ് നടപടി വഴി ഈടാക്കിയ തുക

| ക്രമ നം | വാർഷിക റിപ്പോർട്ട് | ഖണ്ഡിക നം | ഉത്തരവാദിയായ ഉദ്യോഗസ്ഥന്റെ | ചാർജ് സർട്ടിഫിക്കറ്റ് | സ്വയം അടവാക്കിയത്, (സ്ഥലം, | റവന്യൂ റിക്കവറിയിലൂടെ ഈടാക്കിയ | കോടതി വ്യവഹാരങ്ങളിൽ | ആകെ ലഭ്യമായ തുക | അവശേഷിക്കുന്ന തുക/ | റിമാർക്ക്സ് |
|---|---|---|---|---|---|---|---|---|---|---|

| | | | | | | | | | | | | |
|---|---|---|---|---|---|---|---|---|---|---|---|---|
| | | | പേര്, ഔദ്യോഗിക സ്ഥാനം, ഭരണ വകുപ്പ് | നമ്പരും തീയതിയും | തുക | തീയതി) | തുക (തീയതി) | ഉൾപ്പെട്ട തുക | ഈടാക്കിയ തുക | | ബാദ്ധ്യത | |
| 1 | 2 | 3 | 4 | 5 | 6 | 7 | 8 | 9 | 10 | 11 | 12 | 13 |
| ഇല്ല | | | | | | | | | | | | |

(ബി) സർചാർജ് നടപടി വഴി ഈടാക്കിയ തുക

| ക്രമ നം | വാർഷിക റിപ്പോർട്ട് | ഖണ്ഡിക നം | ഉത്തരവാദിയായ ഉദ്യോഗസ്ഥന്റെ പേര്, ഔദ്യോഗിക സ്ഥാനം, ഭരണ വകുപ്പ് | ചാർജ് സർട്ടിഫിക്കറ്റ് | | സ്വയം അടവാക്കിയത്, (സ്ഥലം, തീയതി) | റവന്യൂ റിക്കവറിയിലൂടെ ഈടാക്കിയ തുക (തീയതി) | കോടതി വ്യവഹാരങ്ങളിൽ | | ആകെ ലഭ്യമായ തുക | അവശേഷിക്കുന്ന തുക/ ബാദ്ധ്യത | റിമാർക്ക്സ് |
|---|---|---|---|---|---|---|---|---|---|---|---|---|
| | | | | നമ്പരും തീയതിയും | തുക | | | ഉൾപ്പെട്ട തുക | ഈടാക്കിയ തുക | | | |
| 1 | 2 | 3 | 4 | 5 | 6 | 7 | 8 | 9 | 10 | 11 | 12 | 13 |
| ഇല്ല | | | | | | | | | | | | |

## 4-9 ഓഡിറ്റ് പ്രത്യവലോകനം

(എ) സംക്ഷിപ്ത വിവരം

| | |
|---|---|
| ഓഡിറ്റ് വർഷത്തെ ആകെ വരവ് | 80288657 |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് | 73803165 |
| വരവിനങ്ങളിലുള്ള നഷ്ടം | 1200/- |
| ചെലവിനങ്ങളിലുള്ളനഷ്ടം/ ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | 1,15,114/- |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | - |

(ചെലവിനങ്ങളിലുള്ള നഷ്ടം, വരവിനങ്ങളിലുള്ള നഷ്ടം എന്നിവ ബി യിലേയും സി യിലേയും തുകയാണ്.)

(ബി). പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം

| ഖണ്ഡിക നമ്പർ | ചാർജ് ചെയ്യാവുന്നവ | സർചാർജ് ചെയ്യാവുന്നവ | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|---|
| 2-1 | 1,200/- | - | ശ്രീ. രാധാകൃഷ്ണൻ ടി.പി, സെക്രട്ടറി |
| 3-1(a),(b) | - | 1,15,114/- | ശ്രീമതി. അനുപ്രിയ ആർ, അസി. എഞ്ചിനീയർ, എൽ.എസ്.ജി.ഡി |

ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക

| ഖണ്ഡിക നമ്പർ | തുക | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| ഇല്ല | | |

(സി) കേന്ദ്ര-സംസ്ഥാന സർക്കാരുകൾ, മറ്റു സ്ഥാപനങ്ങൾ എന്നിവക്കുണ്ടായ നഷ്ടത്തിന്റെ വിവരം

| ഖണ്ഡിക നമ്പർ | തുക | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| 3-4 | 13503 | ശ്രീ. രാധാകൃഷ്ണൻ ടി.പി, സെക്രട്ടറി |

(ഡി) നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ

ഇല്ല

(എഫ്)റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിനുത്തരവാദികളായവരുടെ സ്ഥിരം മേൽവിലാസങ്ങൾ

| പേരും ഉദ്യോഗപ്പേരും | ഇപ്പോഴത്തെ (ഓഡിറ്റ് നടന്ന സമയത്തെ) ഔദ്യോഗിക മേൽവിലാസം | സ്ഥിരം മേൽവിലാസം |
|---|---|---|
| ശ്രീ.രാധാകൃഷ്ണൻ ടി.പി | സെക്രട്ടറി | തെന്നാട്ടിൽ ഹൗസ്, പാറക്കടവ് പി.ഒ, കുറുമശ്ശേരി, എറണാകുളം |
| ശ്രീമതി. അനുപ്രിയ ആർ, | അസി. എഞ്ചിനീയർ, എൽ.എസ്.ജി.ഡി | ചവുപ്പേലിൽ ഹൗസ്, മൈക്കാവ്, വാപ്പാലശ്ശേരി പി.ഒ, അങ്കമാലി, എറണാകുളം |

# 4-10 തീർപ്പാക്കാൻ അവശേഷിക്കുന്ന റിപ്പോർട്ടുകൾ

| ഓഡിറ്റ് വർഷം | ഓഡിറ്റ് റിപ്പോർട്ട് നമ്പരും തീയതിയും |
|---|---|
| 1996-97 | എൽ.എഫ്.ഇ.(പി3)716/98 - 14.10.1998 |
| 1997-98 | എൽ.എഫ്.ഇ.(പി4)210/00 - 01.12.2000 |
| 1998-99 | എൽ.എഫ്.ഇ.(പി4)1210/04 - 05.03.2005 |
| 1999-00 | എൽ.എഫ്.ഇ.(പി4)1221/04 - 11.03.2005 |
| 2000-01 | എൽ.എഫ്.ഇ.(പി4)441/05 - 07.10.2005 |
| 2001-02 | എൽ.എഫ്.ഇ.(പി4)78/04 - 21.01.2007 |
| 2002-03 | എൽ.എഫ്.ഇ.(പി4)1427/08 – 20.03.2009/30.11.2009 |
| 2003-04 | എൽ.എഫ്.ഇ.(പി4)1428/08 - 20.03.2009/30.11.2009 |
| 2004-05 | എൽ.എഫ്.ഇ.(പി4)1429/08 – 20.03.2009/30.11.2009 |

| | |
|---|---|
| 2005-06 | എൽ.എഫ്.ഇ.(പി4)1430/08 – 20.03.2009/30.11.2009 |
| 2006-07 | എൽ.എഫ്.ഇ.(പി4)1431/98 – 20.03.2009/30.11.2009 |
| 2007-08 | എൽ.എഫ്.ഇ.(പി4)1079/09 - 20.01.2010 |
| 2008-09 | എൽ.എഫ്.ഇ.(പി4)1586/12 - 14.09.2012/12.12.2012 |
| 2009-10 | എൽ.എഫ്.ഇ.(പി4)1792/10 - 05.08.2011/11.10.2011 |
| 2010-11 | എൽ.എഫ്.ഇ.(പി4)1586/12 - 14.09.2012/12.12.2012 |
| 2011-12 & 2012-13 | എൽ.എഫ്.ഇ.(പി4)1335/14 - 13.10.2014/14.11.2014 |
| 2013-14 & 2014-15 | കെ.എസ്.എ.ഇ.കെ.എം(പി4എ) 1001/2016 - 27.06.2016 |
| 2015-16 | കെ.എസ്.എ.ഇ.കെ.എം(പി4) 2204/2016 – 24.12.2016 |
| 2016-17 | കെ.എസ്.എ.ഇ.കെ.എം(പി4) 1814/2017 – 16.09.2017 |

ഡെപ്യൂട്ടി ഡയറക്ടർ
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം,എറണാകുളം

.

.

# അനുബന്ധം - 1

## ഓഡിറ്റ് സാക്ഷ്യപത്രം

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമത്തിന്റെ വകുപ്പ് 4, 1994 ലെ കേരള പഞ്ചായത്ത് രാജ് നിയമത്തിലെ വകുപ്പ് 215(6) ഇവ അനുസരിച്ചും പഞ്ചായത്ത് രാജ് സ്ഥാപനങ്ങളുടെ ഓഡിറ്റിനു വേണ്ടി കംപ്ട്രോളർ ആന്റ് ഓഡിറ്റർ ജനറൽ നിർദ്ദേശിച്ച ഓഡിറ്റിംഗ് സ്റ്റാൻഡേർഡുകൾ അവലംബിച്ചും 22.05.2018 -ലെ സ.ഉ(സാധാ)1413/ 2018/ത.സ്വ.ഭ.വ -ലെ നിബന്ധനകൾ പ്രകാരവും മഞ്ചപ്ര ഗ്രാമ പഞ്ചായത്തിന്റെ 2017-18സാമ്പത്തിക വർഷത്തെ വാർഷിക ധനകാര്യ പത്രിക പരിശോധിച്ചതായി ഞാൻ സാക്ഷ്യപ്പെടുത്തുന്നു .

എന്റെ അഭിപ്രായത്തിൽ അന്യത്ര ചേർത്ത അപാകതകൾ ഒഴികെ സ്ഥാപനത്തിന്റെ 2017-18സാമ്പത്തിക വർഷത്തെ വാർഷിക കണക്കുകൾ ശരിയായ വിധത്തിൽ സൂക്ഷിക്കുന്നു. സ്ഥാപനത്തിന്റെ വരവുകൾ യഥാവിധി കണക്കിലുൾപ്പെടുത്തിയിട്ടുണ്ട്. ചെലവുകൾ എല്ലാം തന്നെ വൗച്ചറുകളുടെ അടിസ്ഥാനത്തിലാണ്.

ഡെപ്യൂട്ടി ഡയറക്ടർ

2017-18സാമ്പത്തിക വർഷത്തെ വാർഷിക കണക്കുകൾ പരിശോധിച്ചതിൽ കണ്ടെത്തിയ അപാകതകൾ.

1. വസ്തുനികുതിയുടെ സഞ്ചയ പ്രകാരമുള്ള ഡി.സി.ബി സ്റ്റേറ്റ്മെന്റ് വാർഷിക കണക്കുകളുമായി പൊരുത്തപ്പെടുന്നില്ല.
2. ഭൂമിയുൾപ്പെടെയുള്ള ആസ്തികൾ പൂർണ്ണമായി അക്കൌണ്ട് ചെയ്ത് ആസ്തി രജിസ്റ്ററിൽ രേഖപ്പെടുത്തി വാർഷിക കണക്കിൽ ഉൾപ്പെടുത്തിയിട്ടില്ല.

ഡെപ്യൂട്ടി ഡയറക്ടർ